**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2159** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ സി.എച്ച്.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ കിടത്തി ചികിത്സ ഉണ്ടായിരുന്നതും പിന്നീട് നിർത്തൽ ചെയ്തതുമായ സി.എച്ച്.സി. കളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | സി.എച്ച്.സി വടക്കേക്കാട്, സി.എച്ച്.സി കടപ്പുറം. സി.എച്ച്.സി വടക്കേക്കാട് കോവിഡ് വ്യാപന പശ്ചാത്തലത്തിൽ സി.എഫ്.എൽ.റ്റി.സികൾ ആരംഭിച്ചപ്പോൾ നിലവിലുള്ള ജീവനക്കാരെ ടി സി.എഫ്.എൽ.റ്റി.സി കളിൽ നിയോഗിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കിടത്തി ചികിത്സ താൽക്കാലികമായി നിർത്തൽ ചെയ്തു. നിലവിൽ കിടത്തി ചികിത്സാ വാർഡ് കോവിഡ് വാക്സിനേഷനുവേണ്ടി ഉപയോഗിച്ചു വരികയാണ്. ഇതു കഴിയുന്ന മുറയ്ക്ക് ഐ.പി സേവനം പുനരാരംഭിക്കുന്നതാണ്. സി.എച്ച്.സി കടപ്പുറം കോവിഡ് വ്യാപന പശ്ചാത്തലത്തിൽ സി.എഫ്.എൽ.റ്റി.സികൾ ആരംഭിച്ച സാഹചര്യത്തിൽ നിലവിലുള്ള ജീവനക്കാരെ ടി സി.എഫ്.എൽ.റ്റി.സി കളിൽ നിയോഗിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കിടത്തി ചികിത്സ താൽക്കാലികമായി നിർത്തൽ ചെയ്തു. |
| (ബി) | പ്രസ്തുത സി.എച്ച്.സി. കളിൽ കിടത്തി ചികിത്സ പുനരാരംഭിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സി.എഫ്.എൽ.റ്റി.സി കളിൽ നിയോഗിച്ച ജീവനക്കാരെ തിരികെ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സി.എച്ച്.സി കളിൽ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഗുരുവായൂർ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | 26.07.2021 തീയതിയിലെ സ.ഉ (ആർ.റ്റി) നം.1555/2021/ആ.കു.വ പ്രകാരം 140 നിയമസഭാ മണ്ഡലങ്ങളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം സാമൂഹ്യകാരോഗ്യ കേന്ദ്രവും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ആദ്യഘട്ടത്തിൽ നിർമ്മാണം ആരംഭിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട മണ്ഡലങ്ങളിലെ ആശുപത്രികളിൽ ഇത് ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ